10095
19/10/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് 19 ന്റെ ഭാഗമായി അണുനശീകരണ പ്രവർത്തനത്തിനായി ഉപയോഗിച്ച് കേടായ അഗ്നിരക്ഷാ വാഹനങ്ങളുടെ കേട്ടുപാടുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

G.O.(Ms)No.254/2020/RD തീയതി,തിരുവനന്തപുരം, 16/10/2020

---

പരാമർശം:- ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടറുടെ 19.06.2020 തീയതിയിലെ എം1-4231/2020 നമ്പർ കത്ത്

ഉത്തരവ്

കോവിഡ് 19 ന്റെ ഭാഗമായി അണുനശീകരണ പ്രവർത്തനത്തിന് ഉപയോഗിച്ച് കേടായ അഗ്നിരക്ഷാ വാഹനങ്ങളുടെ കേട്ടുപാടുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ 2 കോടി രൂപ ആവശ്യമാണെന്നും ആയത് അനുവദിക്കണമെന്നും ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ പരാമർശം പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കോവിഡ് 19 ന്റെ ഭാഗമായി അണുനശീകരണ പ്രവർത്തനത്തിന് ഉപയോഗിച്ച് കേടായ അഗ്നിരക്ഷാ വാഹനങ്ങളുടെ കേട്ടുപാടുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായി വരുന്ന 2,00,00,000/- രൂപ ( രണ്ട് കോടി രൂപ മാത്രം) , 2075- എന്ന മേജർ കണക്കിനത്തിലെ ശീർഷകത്തിൽ നിന്നും അധികധനാനുമതി വഴി പിന്നീട് റീഇപ് ചെയ്ത് നൽകാമെന്ന ധനകാര്യ വകുപ്പിന്റെ വ്യവസ്ഥയ്ക്ക് വിധേയമായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന 2,00,00,000/- രൂപ ( രണ്ട് കോടി രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ,

തിരുവനന്തപുരം - ന് അനുവദിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മേൽ പ്രകാരം അനുവദിക്കുന്ന തുക റീക്കൂപ് ചെയ്തിട്ടുണ്ടോയെന്ന കാര്യം , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി പരിപാലിക്കുന്ന ധനകാര്യ ( ഫണ്ട്സ് ) വകുപ്പ് നിരീക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. A JAYATHILAK IAS
PRINCIPAL SECRETARY

ഡയറക്ടർ , ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ,തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

പൊതുഭരണ ( എസ്സ്. സി ) വകുപ്പ് (14/10/2020 തീയതിയിലെ ഇനം നം. 4268 പ്രകാരം )

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ആഭ്യന്തര ( എഫ്) വകുപ്പ് ( File no:- Home F1/137/2020- HOME പ്രകാരം)

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി).

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ